Minister for Education, Food and Labour (**Sri. T. K. Narayana Pillai**): Two hundred and ten Ex-servicemen have been advised from the Office of the Public Service Commission for recruitment to Government Service in 1950 and the number of Ex-servicemen absorbed in private employment through the Employment Exchange at Trivandrum and Ernakulam during 1950 is 82.

പ്രാഥമിക വിദ്യാഭ്യാസം

* ൪൫൧. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പ്രാഥമിക വിദ്യാഭ്യാസം തിരുവിതാംകൂർ വിഭാഗത്തു ദേശവൽക്കരിക്കുവാൻ തുടങ്ങിയിട്ട് എത്രകൊല്ലമായിയെന്നു പറയാമോ;

(ബി) കൊച്ചിയിൽ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എതെല്ലാം താലൂക്കുകളിൽ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നാലുകൊല്ലം കഴിഞ്ഞു.

(ബി) ഇല്ല.

(സി) മകളിൽ ബി യുടെ ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

പുതിയ വിദ്യാഭ്യാസ പദ്ധതി

* ൪൫൨. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിദ്യാഭ്യാസ പദ്ധതി അംഗീകരിച്ചു പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എവിടെയെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ൧. നേമം.
൨. ഈരേഴ.
൩. നെല്ലിമുട്.
൪. മണപ്പുള്ളി.
൫. അരുമാന്തുർ.

പ്രാഥമിക വിദ്യാഭ്യാസം

* ൪൫൩. (൬) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ടവിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

നാളതുവരെ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതു സംബന്ധിച്ച് ഗവണ്മെണ്ടിനു എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly